- ഗ്രണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേൽനോട്ടം നടത്തി വരുന്നു.
- പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.
- എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.
- കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി)

ജനറൽ ആശുപത്രി	-	എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി
ജില്ലാ ആശുപത്രി	-	ജില്ലാ ആശുപത്രി, കണ്ണൂർ
താലൂക്ക് ആശുപത്രി	-	ചേർത്തല താലൂക്ക് ആശുപത്രി
സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി	-	തിരുവനന്തപുരം തൈക്കാട്ടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
ക്യാൻസർ സെന്റർ	-	തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ
സ്വാശ്രയ സ്ഥാപനം	-	പാലക്കാട് ഷൊർണ്ണൂരുള്ള ഐകോൺസ് ആശുപത്രി
സി.എച്ച്.സി.	-	എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി

കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

99 (788) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും ഭരണാനുമതി എന്ന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ; സാങ്കേതികാനുമതി, അടങ്കൽ തുക എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പണിയുടെ ആരംഭഘട്ടത്തിലാണ് 17-8-2015-ലെ സ.ഉ. (സാധാ) നമ്പർ 2644/2015/ആ.കു.വ. പ്രകാരം 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം മാത്രമേ പുതിയ കെട്ടിടം പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ സമരം

100(789) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാർ 2015 സെപ്റ്റംബർ മാസത്തിൽ നടത്തിയ സമരത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതൊക്കെ ആവശ്യങ്ങളാണ് സർക്കാർ അംഗീകരിച്ചത്;

(ബി) വൈദ്യചികിൽസാരംഗം പണിമുടക്കുകളിൽനിന്നും വിമുക്തമാക്കി, മുടക്കമില്ലാതെ വൈദ്യശുശ്രൂഷ ജനങ്ങൾക്ക് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയിൽ ചിലത് മെഡിക്കൽ കോളേജുകൾ ആക്കുന്നതിനെതിരേയും, സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുക, ഒഴിവുകൾ നികത്തുക, പ്രൊമോഷനുകൾ ത്വരിതപ്പെടുത്തുക, പ്രൈവറ്റ് പ്രാക്ടീസ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുക, പി.ജി. ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുക, മഞ്ചേരി ജനറൽ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവ ആരോഗ്യ വകുപ്പ്